# സൽകർമ്മങ്ങളിൽ സ്ഥിരതയോടെ മുന്നോട്ട്..!

ശൈഖ് യൂസുഫ് ബിൻ ഹസൻ അൽ ഹമ്മാദി -حفظه الله-




വിവർത്തനം:
അനസ് അലി ബിൻ അബ്ദിർ റഹ്മാൻ -وفقه الله-

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيم

الحمد لله رب العالمين والصلاة والسلام على رسوله الأمين وبعد :-

സഹോദരി , സഹോദരങ്ങളെ. അല്ലാഹു നിങ്ങളുടെ മേൽ റഹ്മത്ത് ചൊരിയട്ടെ.

അല്ലാഹു ﷻ അവന്റെ കിതാബിൽ പറഞ്ഞിരിക്കുന്നു :-

(وَٱعۡبُدۡ رَبَّكَ حَتَّىٰ يَأۡتِيَكَ ٱلۡيَقِينُ)

[سورة الحجر 99]

ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിൻറെ റബ്ബിനെ ആരാധിക്കുകയും ചെയ്യുക

ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ സന്ദർഭങ്ങളിലും എല്ലാ സമയങ്ങളിലും അല്ലാഹുവിനെ ഇബാദത്ത് ചെയ്തു കൊണ്ടും അവൻ തൃപ്തിപ്പെടുന്ന കാര്യങ്ങളിൽ മുഴുകി കൊണ്ടും അവനെ അനുസരിച്ച് കൊണ്ടും മരണം വരെ ജീവിക്കണം എന്നും അതിൽ സ്ഥിരതയോടെ ഉറച്ച് നിൽക്കണം എന്നും ഈ ആയത്തിലൂടെ അല്ലാഹു ﷻ അവന്റെ റസൂലായ മുഹമ്മദ് ﷺ യോട് കൽപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുകയാണ്.

സൃഷ്ടികളിൽ ഏറെ ഉൽകൃഷ്ടനായ മുഹമ്മദ് ﷺ ക്ക് അല്ലാഹു ﷻ നൽകിയ മഹത്തായ ഈ നിർദ്ദേശം വിശ്വാസി സമൂഹം ഒന്നടങ്കം നെഞ്ചിലേറ്റേണ്ട ഒരു ഉപദേശമാണ്.

അല്ലാഹു ﷻ പറഞ്ഞത് കാണുക :-

(يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ)

[سورة آل عمران 102]

സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങള്‍ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.

അതായത്; അല്ലാഹുവിനെ സൂക്ഷിക്കുന്ന കാര്യത്തില്‍ നിങ്ങള്‍ മുന്നേറുക അതില്‍ നേരാംവണ്ണം നിലകൊള്ളുകയും, മരണം വരെ അതില്‍ ഉറച്ച് നില്‍ക്കുകയും ചെയ്യുക.

മഹാനായ മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ഈ ഉപദേശത്തെ പൂര്‍ണ്ണമായ രീതിയില്‍ അനുസരിച്ചു. കുറഞ്ഞ സല്‍കര്‍മ്മങ്ങാണെങ്കിലും അത് സ്ഥിരമായി ചെയ്യുന്ന കാര്യത്തില്‍ ജനങ്ങള്‍ക്ക് മാതൃക കാണിക്കുകയും ചെയ്തു.

കാരണം എപ്പോഴെങ്കിലുമൊക്കെ സല്‍കര്‍മ്മങ്ങള്‍ ചെയ്യുന്നതിനേക്കാളും വലിയ ഫലങ്ങളും നേട്ടങ്ങളുമാണ് ചെയ്യുന്ന കര്‍മ്മങ്ങള്‍ സ്ഥിരമാക്കുന്ന ഒരു വ്യക്തിക്ക് ലഭിക്കുന്നത്.

അത്തരം ചില നേട്ടങ്ങള്‍ താഴെ വായിക്കാം ....

1. ദീനിയായ ഉന്‍മേശം നിലനിര്‍ത്തുവാന്‍ സാധിക്കും ,
2. പ്രവര്‍ത്തനങ്ങള്‍ ആവര്‍ത്തിക്കുന്നതിനനുസരിച്ച് പ്രതിഫലവും വര്‍ദ്ധിക്കുന്നു.
3. അല്ലാഹുവിനെ കണ്ടുമുട്ടാനുള്ള തയ്യാറെടുപ്പ്
4. അല്ലാഹുവുമായുള്ള ബന്ധം സ്ഥിരമാക്കുവാനും അവനുള്ള ആരാധനാ കര്‍മ്മങ്ങള്‍ യാഥാര്‍ത്ഥ്യവല്‍കരിക്കുവാനും സാധിക്കുന്നു.
5. അമലുകളില്‍ സ്ഥിരത കൈവരിച്ച് മറ്റുള്ളവര്‍ക്ക് വഴികാട്ടി ആകുവാനും അത് മുഖേന പ്രതിഫലം നേടാനും കഴിയുന്നു.

മേൽപറഞ്ഞ നേട്ടങ്ങളും, ഉപകാരങ്ങളും സൽകർമ്മങ്ങളിൽ സ്ഥിരതയില്ലാതെ കണ്ണി മുറിഞ്ഞ് പ്രവർത്തിക്കുന്നവർക്ക് ലഭിക്കുകയില്ല എന്നത് ശ്രദ്ധേയമാണ്.

അല്ലാഹു നമുക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

അല്ലാഹുവിന്റെ അടിമകളെ , നോക്കൂ...
അല്ലാഹുവിനെ കണ്ടു മുട്ടുവാൻ തയ്യാറെടുക്കുന്ന വിഷയത്തിൽ ഏറെ തൽപരരായിരുന്നു നമ്മുടെ മുൻഗാമികൾ.

മഹാനായ താബിഈ സിയാദ് ബിൻ ജരീർ -رحمه الله- ഇപ്രകാരം ചോദിക്കാറുണ്ടായിരുന്നു

كان زياد بن جرير يقول : تجهزتم ؟ فسمعه رجل يقول : ما يعني بقوله : تجهزتم ؟ فيقول : تجهزوا للقاء الله تعالى .
حلية الأولياء ٤/١٩٧)

"നിങ്ങൾ തയ്യാറായോ.?!"ഇത് കേട്ട ഒരാൾ ചോദിച്ചു: "നിങ്ങൾ .തയ്യാറായോ" എന്നത് കൊണ്ട് താങ്കൾ ഉദ്ദേശിക്കുന്നതെന്താണ്.?! അദ്ദേഹം പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടാൻ തയ്യാറായികൊള്ളുക എന്നതാണ് ..!

حلية الأولياء ٤/١٩٧

അത് കൊണ്ട് തന്നെ നബി ﷺ നമ്മെ പഠിപ്പിച്ചത് സൽകർമ്മങ്ങളിൽ ഉറച്ച് നിൽക്കുവാനും, അത് മറ്റുള്ളവർക്ക് നിർദ്ദേശിച്ച് കൊടുക്കുവാനുമാണ്.

മഹതിയായ ആയിശ -رضي الله عنها - ഉദ്ദരിക്കുന്ന ഹദീസിൽ കാണാം.

عَنْ عَائِشَةَ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ سُئِلَ : أَيُّ الْعَمَلِ أَحَبُّ إِلَى اللَّهِ ؟ قَالَ : " أَدْوَمُهُ، وَإِنْ قَلَّ ".
(صحيح مسلم ٧٨٢

ഒരിക്കൽ നബി ﷺ യോട് ചോദിക്കപ്പെട്ടു :- അല്ലാഹുവിന് ഏറ്റവും പ്രിയമുള്ള പ്രവർത്തനമേതാണ്..? അപ്പോൾ അവിടുന്ന് പറഞ്ഞു :- എത്ര കുറവാണെങ്കിലും സ്ഥിരമായി നിർവഹിക്കപ്പെടുന്ന പ്രവർത്തനങ്ങളാണ് അല്ലാഹുവിന് എറ്റവും ഇഷ്ടമുള്ളത്. (മുസ്ലിം 782)

അത് പോലെ തന്നെ സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹു മുസ്ലിമിലും വന്ന ഹദീസിൽ കാണാം ഒരിക്കൽ താബിഈങ്ങളിൽ പെട്ട അൽഖമ ആയിഷ -رضي الله عنها- യോട് ചോദിക്കുകയുണ്ടായി.

قَالَ : سَأَلْتُ أُمَّ الْمُؤْمِنِينَ عَائِشَةَ ، قُلْتُ : يَا أُمَّ الْمُؤْمِنِينَ، كَيْفَ كَانَ عَمَلُ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ؟ قالت :- كَانَ عَمَلُهُ دِيمَةً ،

(صحيح البخاري ٦٤٦٦)

അല്ലയോ ഉമ്മുൽ മുഅ്മിനീൻ നബി ﷺ യുടെ പ്രവർത്തനങ്ങൾ എപ്രകാരമായിരിന്നു ?
ആയിഷ -رضي الله عنها- പറഞ്ഞു:- അവിടുത്തെ പ്രവർത്തനങ്ങൾ സ്ഥിരമായുള്ളതായിരുന്നു. (സ്വഹീഹുൽ ബുഖാരി 6466)

അഥവാ; പ്രവർത്തനങ്ങൾ നിലക്കാതെ സ്ഥിരമായി ഉള്ളവ എന്നാണ് ഉദ്ദേശിക്കപ്പെടുന്നത്.

പ്രവർത്തനങ്ങൾ ഇടക്ക് നിലച്ച് പോവുക എന്നത് അവിടുത്തെ ചര്യയിൽ ഉണ്ടായിരുന്നില്ല. മറിച്ച് സ്ഥിരമായി, പ്രവർത്തനങ്ങളിൽ തുടർന്ന് കൊണ്ട് അത് നിലക്കാതെ അവിടുന്ന് കാത്തുസൂക്ഷിക്കുമായിരുന്നു.

ഈ ഹദീസിൽ പ്രയോഗിപ്പെട്ട പദം "دِيمَةً" എന്നാണ് അറബി ഭാഷയിൽ ഇത് പ്രയോഗിക്കപ്പെടുന്നത് ഇടിയോ, മിന്നലോ ഇല്ലാതെ തുടർച്ചയായി പെയ്യുന്ന മഴയെ വിശേഷിപ്പിച്ച് കൊണ്ടാണ് എന്ന് ഹദീസിനെ വിശദീകരിക്കവെ പണ്ഡിതൻമാർ പറഞ്ഞതായി കാണാം.

ഇമാം ഇബ്നു കസീർ -رحمه الله- അദ്ദേഹത്തിന്റെ തഫ്സീറിൽ പറഞ്ഞതായി കാണാം :-

"فجميع عمله كان على منوال واحد"
(تفسير القرآن العظيم ٦/٤٧٨)

അപ്പോൾ നബി ﷺ യുടെ എല്ലാ പ്രവർത്തനങ്ങളും ഈ ഒരു രീതിയിൽ തന്നെയായിരുന്നു. (തഫ്സീർ ഇബ്ൻ കസീർ 478/6)

അപ്പോൾ അമലുകൾ സ്ഥിരമായി ചെയ്യുന്ന വിഷയത്തിൽ ആർ നബി ﷺ യുടെ മാർഗ്ഗത്തിൽ പ്രവേശിക്കുകയും അതിലൂടെ സഞ്ചരിക്കുകയും ചെയ്തുവോ അവനാണ് മറ്റുള്ളവരെക്കാൾ അല്ലാഹുവിലേക്ക് അടുപ്പമുള്ളവൻ.

ഒരു അടിമയുടെ മനസ്സിൽ സൽകർമ്മങ്ങളോട് അതിയായ താൽപര്യവും അത് പ്രവർത്തിക്കുവാനുള്ള ഉത്സാഹവും ഉണ്ടെങ്കിൽ അല്ലാഹു അവന്റെ ഉദ്ദേശ്യം പൂർത്തികരിച്ച് കൊടുക്കുകയും അവനെ അതിൽ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്.

അത് പോലെ തന്നെ സൽകർമ്മങ്ങളിൽ തുടർന്ന് പോകാൻ സഹായിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് താഴെ പറയുന്നവ.

1. അല്ലാഹുവിനെ കണ്ടുമുട്ടും എന്ന ദൃഢമായ ബോധ്യം മനസ്സിൽ ഉറപ്പിക്കുക.
2. ഒരു വിശ്വാസിയുടെ പ്രവർത്തനങ്ങൾ അവന്റെ മരണത്തോടെയല്ലാതെ നിലക്കരുത് എന്ന കാര്യം തിരിച്ചറിയുക.
3. അല്ലാഹുവിന് നന്ദി കാണിക്കേണ്ട കാര്യത്തിൽ താൻ ഏറെ വീഴ്ച്ച വന്നവനാണ് എന്ന് മനസ്സിലാക്കുക.

ഇമാം ഹസനുൽ ബസ്വരി -رحمه الله- പറഞ്ഞതായി കാണാം :-

"أبى قوم المداومة والله ما المؤمن الذي يعمل شهرا أو شهرين أو عاما أو عامين لا والله ما جعل الله لعمل المؤمن أجلا دون الموت"

(رواه أحمد في الزهد ١٥٦٨)

ഒരു സമൂഹം സൽകർമ്മങ്ങളിൽ സ്ഥിരത കൈവരിക്കാൻ വൈമനസ്യം കാണിച്ചിരിക്കുന്നു.
എന്നാൽ
അല്ലാഹു തന്നെയാണെ സത്യം...! കേവലം ഏതെങ്കിലും മാസങ്ങളിലോ വർഷങ്ങളിലോ മാത്രം പ്രവർത്തിക്കുന്നവർ യഥാർത്ഥ വിശ്വാസികളല്ല അല്ലാഹു തന്നെയാണെ സത്യം...!
ഒരു വിശ്വാസിയുടെ പ്രവർത്തനങ്ങൾക്കുള്ള അവധിയായി അല്ലാഹു നിശ്ചയിച്ചത് അവന്റെ മരണം മാത്രമാണ്.
(ഇമാം അഹ്മദ് തന്റെ സുഹ്ദിൽ ഉദ്ദരിച്ചത് 1568)

ഇമാം അൽ ഹാഫിള് ഇബ്നു റജബ് -رحمه الله- പറയുന്നു.
ഒരു വിശ്വാസി സ്വന്തത്തെ അനേകം കുറവുകളുള്ളതായി നോക്കി കണ്ട് കൊണ്ടേയിരിക്കേണ്ടതുണ്ട്. അങ്ങനെ അവന് വലിയ ശ്രേഷ്ഠമായ സ്ഥാനങ്ങൾ നേടിയെടുക്കാൻ പരിശ്രമിക്കുവാൻ സാധിക്കുകയും സ്വയം കുറവുകളും ന്യൂനതകളും തിരിച്ചറിയുവാൻ കഴിയുകയും ചെയ്യുന്നതാണ്.
(ജാമിഉൽ ഉലൂമി വൽഹികം)

എന്നാൽ ഖേദകരമെന്ന് പറയട്ടെ നമ്മുടെ സമൂഹത്തിലെ ഭൂരിഭാഗമാളുകളും -അല്ലാഹുവിന്റെ കാരുണ്യം ലഭിച്ചവരൊഴികെ- അവർ ചെയ്തിരുന്ന നല്ല കാര്യങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണ്. അതോടൊപ്പം അവർ കരുതുന്നത് നമ്മുടെ പ്രവർത്തനങ്ങളെല്ലാം സ്വീകരിക്കപ്പെടും എന്നതാണ്.

അതെ, റമദാൻ എന്ന അല്ലാഹുവിന്റെ വലിയ അനുഗ്രഹത്തെ അവർ സ്വീകരിച്ചത് അതിന് ശേഷമുള്ള ജീവിതത്തിൽ തിന്മകളിലും, തോന്നിവാസങ്ങളിലും വ്യഹരിച്ചു കൊണ്ടാണ്.

അവർ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കേണ്ടതിന് പകരം നന്ദികേട് കാണിച്ചവരാണ്.

ഇത് നാമേവരും വളരെ അധികം സൂക്ഷിക്കേണ്ട ഗുരുതരമായ ഒരു അപകടമാണ്. നമുക്ക് മുൻപ് ഈ പാതയിലൂടെ നടന്ന് നീങ്ങിയ നമ്മുടെ മാതൃകകളായ മുൻഗാമികളുടെ ചര്യക്ക് നേർ വിപരീതമാണിത് എന്ന് നാം മനസ്സിലാക്കുക. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ ആമീൻ

അവർ (മുൻഗാമികൾ) വളരെ സൂക്ഷ്മമായും പരിശ്രമത്തോട് കൂടെയും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, ഭംഗിയാക്കുകയും, പിന്നീട് ആ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യ യോഗ്യമാവാൻ അതിയായി പ്രാർത്ഥിക്കുമായിരുന്നു. അതോടൊപ്പം അത് തള്ളപ്പെടുമോ എന്ന അതിയായ ഭയവും അവരുടെ മനസ്സിനെ വല്ലാതെ അസ്വസ്ഥമാക്കിയിരുന്നു.

അവരെ പറ്റിയാണ് അല്ലാഹു ഇപ്രകാരം വിശേഷിപ്പിച്ചത്.

(وَٱلَّذِينَ يُؤۡتُونَ مَآ ءَاتَواْ وَّقُلُوبُهُمۡ وَجِلَةٌ أَنَّهُمۡ إِلَىٰ رَبِّهِمۡ رَٰجِعُونَ)

[سورة المؤمنون 60]

തങ്ങളുടെ റബ്ബിലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടു കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവർ .

ആയിശ -رضي الله عنها- ഉദ്ദരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം.

أَنَّ عَائِشَةَ زَوْجَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَتْ : سَأَلْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنْ هَذِهِ الْآيَةِ : { وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ } قَالَتْ عَائِشَةُ : أَهُمُ الَّذِينَ يَشْرَبُونَ الْخَمْرَ وَيَسْرِقُونَ ؟ قَالَ : " لَا يَا بِنْتَ الصِّدِّيقِ، وَلَكِنَّهُمُ الَّذِينَ يَصُومُونَ وَيُصَلُّونَ وَيَتَصَدَّقُونَ وَهُمْ يَخَافُونَ أَنْ لَا يُقْبَلَ مِنْهُمْ، { أُولَئِكَ يُسَارِعُونَ فِي

الْخَيْرَاتِ وَهُمْ لَهَا سَابِقُونَ } ".

(الترمذي ٣١٧٥)

{ وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ }

ഞാൻ ഒരിക്കൽ ഈ ആയത്തിനെ സംബന്ധിച്ച് നബി ﷺ യോട് ചോദിച്ചു. അവർ മദ്യപിക്കുകയും മോഷ്ടിക്കയും ചെയ്യുന്നവരാണോ ... റസൂലേ..? അവിടുന്ന് പറഞ്ഞു :- സ്വിദീഖിന്റെ മകളെ ഒരിക്കലും അല്ല. എന്നാൽ അവർ നോമ്പ് നോൽക്കുകയും, നിസ്ക്കരിക്കുകയും, ദാനധർമ്മങ്ങൾ കൊടുക്കുകയും അതോടൊപ്പം അവരിൽ നിന്ന് അതെല്ലാം സ്വീകരിക്കപ്പെടുമോ എന്ന് ഭയപ്പെടുകയും ചെയ്യുന്നവരുമാണ്.

{ أُولَئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ } ".

അവരത്രെ നൻമകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും. (തിർമുദി 3175)

അബൂ ഉസ്മാൻ അൽ ഹിയരി -رحمه الله- യോട് ഒരിക്കൽ എന്താണ് സൗഭാഗ്യത്തിന്റെയും, ദൗർഭാഗ്യത്തിന്റെയും അടയാളങ്ങൾ എന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം മറുപടി പറഞ്ഞു :-

"علامة السعادة أن تطيع الله وتخاف أن تكون مردودا وعلامة الشقاوة أن تعصي الله وترجو أن تكون مقبولا"
(حلية الأولياء ١٠/٢٤٦)

സൗഭാഗ്യത്തിന്റ അടയാളമെന്നാൽ നീ അല്ലാഹുവിനെ അനുസരിക്കുകയും, അവന്റെ അടുക്കൽ തള്ളപ്പെടുമോ എന്ന് ഭയക്കലുമാണ്. ദൗർഭാഗ്യത്തിന്റെ അടയാളമെന്നാൽ നീ അല്ലാഹുവിനെ ധിക്കരിക്കുകയും, അവന്റെ അടുക്കൽ സ്വീകാര്യനാകാൻ പ്രതീക്ഷിക്കലുമാണ്. (ഹിൽയതുൽ ഔലിയാ 246/10)

അല്ലാഹുവിന് ഇബാദത്തുകൾ ചെയ്യുന്നതിൽ സത്യസന്ധനായ ഒരു വിശ്വാസിയുടെ വിശേഷണങ്ങളിൽ പെട്ടതാണ് അല്ലാഹുവിനെ അനുസരിക്കുന്ന വിഷയത്തിൽ ഉറച്ച് നിൽക്കുകയും അതിൽ സ്ഥിരതയോടെ നിലകൊള്ളുകയും, എല്ലാ നിലക്കുമുള്ള നന്മകളുടെ വ്യത്യസ്തങ്ങളായ വശങ്ങളിലേക്ക് മുന്നിട്ട് വരികയെന്നുള്ളതും.

അതിനുള്ള അവന്റെ  മാതൃകകൾ മഹാനായ നബി ﷺ യും മറ്റ് അല്ലാഹുവിന്റെ പ്രവാചകന്മാരുമാണ്

അല്ലാഹു അവരെ വിശേഷിപ്പിച്ചതായി കാണാം :-

إِنَّهُمۡ كَانُواْ يُسَٰرِعُونَ فِي ٱلۡخَيۡرَٰتِ وَيَدۡعُونَنَا رَغَبٗا وَرَهَبٗاۖ وَكَانُواْ لَنَا خَٰشِعِينَ

[سورة الأنبياء 90]

തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.

അവർ അല്ലാഹുവിന്റെ കൽപ്പനകളെ ശിരസ്സാവഹിച്ചവരാണ്.

അല്ലാഹു പറയുന്നു. :-

(۞ وَسَارِعُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا ٱلسَّمَٰوَٰتُ وَٱلۡأَرۡضُ أُعِدَّتۡ لِلۡمُتَّقِينَ)

[سورة آل عمران 133]

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗ്ഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്.

അത്തരത്തിൽ മഹാന്മാരായ സ്വഹാബികളുടെ ചരിത്രം വീക്ഷിക്കുന്ന അവരുടെ നന്മയിലേക്കുള്ള ആവേശത്തിനെ കുറിച്ച് ആലോചിക്കുന്ന ഒരു വ്യക്തിക്ക് ധാരാളം അൽഭുതങ്ങൾ ദർശിക്കുവാനാകും.

അവർക്ക് നന്മകളോടുള്ള താൽപര്യം പ്രകടമാകുന്ന എത്ര എത്ര മനോഹരമായ ചോദ്യങ്ങളാണ് അവരിൽ നിന്ന് നബി ﷺ നേരിട്ടിട്ടുള്ളത്.

അത്തരം ചില ചോദ്യങ്ങൾ നോക്കൂ ...!

അബ്ദുല്ലാഹിബ്നു ഉമർ -رضي الله عنه- ഉദ്ദരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം

أحب الناس إلى الله تعالى أنفعهم للناس، وأحب الأعمال إلى الله تعالى سرور تدخله على مسلم، أو تكشف عنه كربة، أو تقضي عنه دينا، أو تطرد عنه جوعا، ولأن أمشي مع أخ في حاجة أحب إلي من أن أعتكف في هذا المسجد - يعني مسجد المدينة - شهرا، ومن كف غضبه ستر الله عورته، ومن كظم غيظه ولو شاء أن يمضيه أمضاه ملأ الله قلبه رجاء يوم القيامة، ومن مشى مع أخيه في حاجة حتى يتهيأ له أثبت الله قدمه يوم تزول الأقدام

(رواه الطبراني في المعجم الكبير ١٣٦٤٦)

ഒരിക്കൽ സ്വഹാബികളിൽ പെട്ട ഒരു വ്യക്തി വന്ന് കൊണ്ട് ചോദിച്ചു. :- അല്ലയോ അല്ലാഹുവിന്റെ റസൂലേ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള ആളുകളാരൊക്കെയാണ് ...? ഏതൊക്കെ പ്രവർത്തനങ്ങളാണ് അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളത്...?

നബി ﷺ പറഞ്ഞു :- അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളവർ ജനങ്ങൾക്ക് എറെ ഉപകാരം ചെയ്യുന്നവരാണ്. അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള പ്രവർത്തനം ഒരു മുസ്ലിമിനെ നീ സന്തോഷിപ്പിക്കലാണ്, അതെല്ലെങ്കിൽ അവനിൽ നിന്ന് നീ ഒരു പ്രയാസം നീക്കലാണ്, അതെല്ലെങ്കിൽ അവന്റെ കടം നീ വീട്ടി കൊടുക്കലാണ്. അതുമല്ലെങ്കിൽ നീ അവന്റെ വിഷപ്പകറ്റലാണ്. ഒരു സഹോദരനൊപ്പം അവന്റെ ആവശ്യനിർവഹണത്തിന് വേണ്ടി നടക്കലാണ് ഈ പള്ളിയിൽ അഥവാ മസ്ജിദുന്നബവിയിൽ (മദീനത്തെപ്പള്ളി) ഒരു മാസത്തോളം ഭജനമിരിക്കുന്നതിനേക്കാൾ എനിക്കിഷ്ടമുള്ള കാര്യം.
ആരെങ്കിലും തന്റെ ദേഷ്യം പിടിച്ചു വെച്ചാൽ അവന്റെ നഗ്നതകളെ അല്ലാഹു മറച്ചു വെക്കുന്നതാണ്.

ആരൊരുവൻ തന്റെ കോപം പ്രകടിപ്പിക്കാൻ അവസരമുണ്ടായിട്ടും അല്ലാഹുവിന് വേണ്ടി അത് ഒതുക്കി വെച്ചുവോ അവന്റെ ഹൃദയത്തിൽ പരലോകത്തെ പറ്റിയുള്ള ആഗ്രഹം അല്ലാഹു നിറച്ചു കൊടുക്കുന്നതാണ്.
ആര് തന്റെ സഹോദരനൊപ്പം അവന്റെ ആവശ്യം പൂർത്തീകരിക്കപ്പെടുന്നത് വരെ സഞ്ചരിച്ചുവോ അവന്റെ കാൽ പാദങ്ങളെ നാളെ  മനുഷ്യരുടെ കാൽ പാദങ്ങൾ വിറക്കുന്ന ദിവസമായ ഖിയാമത്ത് നാളിൽ അല്ലാഹു ഉറപ്പിച്ചു നിർത്തുന്നതാണ്.
(ഇമാം ത്വബ്റാനി അൽ മുഅ്ജമുൽ കബീറിൽ ഉദ്ദരിച്ചത് 13646)

മുആദ് ബ്നു ജബൽ -رضي اللهُ عنه- ഉദ്ദരിക്കുന്ന ഹദീസിൽ കാണാം ..

عَنْ مُعَاذِ بْنِ جَبَلٍ قَالَ : كُنْتُ مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي سَفَرٍ ، فَأَصْبَحْتُ يَوْمًا قَرِيبًا مِنْهُ وَنَحْنُ نَسِيرُ ، فَقُلْتُ : يَا رَسُولَ اللَّهِ، أَخْبِرْنِي بِعَمَلٍ يُدْخِلُنِي الْجَنَّةَ وَيُبَاعِدُنِي عَنِ النَّارِ. قَالَ : " لَقَدْ سَأَلْتَنِي عَنْ عَظِيمٍ، وَإِنَّهُ لَيَسِيرٌ عَلَى مَنْ يَسَّرَهُ اللَّهُ عَلَيْهِ ؛ تَعْبُدُ اللَّهَ وَلَا تُشْرِكْ بِهِ شَيْئًا، وَتُقِيمُ الصَّلَاةَ، وَتُؤْتِي الزَّكَاةَ، وَتَصُومُ رَمَضَانَ، وَتَحُجُّ الْبَيْتَ "، ثُمَّ قَالَ : " أَلَا أَدُلُّكَ عَلَى أَبْوَابِ الْخَيْرِ ؟ الصَّوْمُ جُنَّةٌ ، وَالصَّدَقَةُ تُطْفِئُ الْخَطِيئَةَ كَمَا يُطْفِئُ الْمَاءُ النَّارَ، وَصَلَاةُ الرَّجُلِ مِنْ جَوْفِ اللَّيْلِ ". قَالَ : ثُمَّ تَلَا { تَتَجَافَى جُنُوبُهُمْ عَنِ الْمَضَاجِعِ } حَتَّى بَلَغَ { يَعْمَلُونَ }،
(الترمذي ٢٦١٦)

അദ്ദേഹം പറഞ്ഞു :- ഞാൻ ഒരിക്കൽ നബി ﷺ യോടൊപ്പം ഒരു യാത്രയിലായിരുന്നു. അങ്ങിനെ ഒരു ദിവസം ഞങ്ങൾ സഞ്ചരിക്കവെ ഞാൻ നബി ﷺ യോട് അടുത്തു. എന്നിട്ട് ഞാൻ ചോദിച്ചു . അല്ലയോ അല്ലാഹുവിന്റെ റസൂലേ എന്നെ നരകത്തിൽ നിന്ന് അകറ്റുകയും സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രവർത്തനം എനിക്ക് അറിയിച്ച് തന്നാലും.
നബി ﷺ പറഞ്ഞു :- നീ ചോദിച്ചത് മഹത്തായ ഒരു കാര്യത്തെ പറ്റിയാണ്.
അല്ലാഹു എളുപ്പമാക്കി നൽകിയവർക്ക് ആകട്ടെ അത് ഏറെ ലളിതവുമാണ്.
നീ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക. നീ നിസ്കാരം മുറ പോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും റമദാനിൽ നോമ്പ് അനുഷ്ഠിക്കുകയും ഹജ്ജ് നിർവ്വഹിക്കുകയും ചെയ്തു കൊള്ളുക.
പിന്നീട് അവിടുന്ന് പറഞ്ഞു :- ഞാൻ നിനക്ക് ചില നന്മകളെ പറ്റി അറിയിച്ച് തരട്ടെയോ...?!

നോമ്പ് ഒരു പരിചയാണ്.

ദാനധർമ്മം വെള്ളം തീയെ കെടുത്തി കളയുന്നത് പോലെ തിന്മകളെ മായ്ച്ചു കളയുന്നതാണ്.

ഒരുവന്റെ രാത്രിയുടെ അന്ത്യയാമങ്ങളിലുള്ള നിസ്കാരവും നന്മയിൽ പെട്ടതാണ്.

പിന്നീട് നബി ﷺ ഖുർആനിലെ രണ്ട് സൂക്തങ്ങൾ പാരായണം ചെയ്തു :-

(تَتَجَافَىٰ جُنُوبُهُمْ عَنِ ٱلْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَٰهُمْ يُنفِقُونَ)

ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും.

[سورة السجدة 16]

(فَلَا تَعْلَمُ نَفْسٌ مَّآ أُخْفِىَ لَهُم مِّن قُرَّةِ أَعْيُنٍ جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ)

എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല.

[سورة السجدة 17]

(തിർമുദി 2616)

മറ്റൊരു സംഭവം ഇങ്ങനെയാണ്.

عَنْ عَبْدِ اللَّهِ بْنِ بُسْرٍ رَضِيَ اللَّهُ عَنْهُ أَنَّ رَجُلًا قَالَ : يَا رَسُولَ اللَّهِ، إِنَّ شَرَائِعَ الْإِسْلَامِ قَدْ كَثُرَتْ عَلَيَّ، فَأَخْبِرْنِي بِشَيْءٍ ؛ أَتَشَبَّثُ بِهِ، قَالَ : " لَا يَزَالُ لِسَانُكَ رَطْبًا مِنْ ذِكْرِ اللَّهِ ".

(الترمذي ٣٣٧٥)

അബ്ദുല്ലാഹിബ്നു ബുസ്ർ -رَضِيَ اللَّهُ عَنْهُ- വിൽ നിവേദനം. ഒരിക്കൽ ഒരു വ്യക്തി വന്നുകൊണ്ട് നബി ﷺ യോട് ഇപ്രകാരം ചോദിച്ചു.
അല്ലാഹുവിന്റെ റസൂലേ..
ഇസ്ലാമിലെ ഐച്ഛികമായ കർമ്മങ്ങൾ എനിക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത വിധം അധികമായിരിക്കുന്നു.
അത് കൊണ്ട് എനിക്ക് സ്ഥിരമായി മുറുകെ പിടിക്കാൻ സാധിക്കുന്ന ഒരു കാര്യം എനിക്ക് അറിയിച്ചു നൽകണം.
നബി ﷺ പറഞ്ഞു :- അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയാൽ നിന്റെ നാവിനെ നീ നനവുള്ളതാക്കി കൊണ്ടിരിക്കുക.
(തിർമുദി 3375)

നാം ഇതിനകം മനസ്സിലാക്കിയത് പോലെ തന്നെ സ്വഹാബികൾക്ക് സൽകർമ്മളോടുള്ള താൽപര്യം വളരെ വലുതായിരുന്നു.
പ്രത്യേകിച്ചും സ്വഹാബികളിലെ ഒന്നാമനായ അബൂ ബക്ർ -رَضِيَ اللَّهُ عَنْهُ- വിന്. അദ്ദേഹം നന്മ പ്രവൃത്തിക്കുന്ന വിഷയത്തിൽ വളരെ ശക്തനും നമുക്ക് ഒരു മാതൃകയുമാണ്.

അത് വ്യക്തമാക്കുന്ന ഒരു ഹദീസ് നോക്കൂ...

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " مَنْ أَصْبَحَ مِنْكُمُ الْيَوْمَ صَائِمًا ؟ " قَالَ أَبُو بَكْرٍ : أَنَا. قَالَ : " فَمَنْ تَبِعَ مِنْكُمُ الْيَوْمَ جَنَازَةً ؟ " قَالَ أَبُو بَكْرٍ : أَنَا. قَالَ : " فَمَنْ أَطْعَمَ مِنْكُمُ الْيَوْمَ مِسْكِينًا ؟ " قَالَ أَبُو بَكْرٍ : أَنَا. قَالَ : " فَمَنْ عَادَ مِنْكُمُ الْيَوْمَ مَرِيضًا ؟ " قَالَ أَبُو بَكْرٍ : أَنَا. فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " مَا اجْتَمَعْنَ فِي امْرِئٍ إِلَّا دَخَلَ الْجَنَّةَ ".
(صحيح مسلم ١٠٢٦)

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- വിൽ നിന്ന് : നബി ﷺ ഒരിക്കൽ സ്വഹാബികളോടായി ചോദിച്ചു. നിങ്ങളിൽ ആരാണ് ഇന്ന് നോമ്പ് കാരാനായുള്ളത്..?
അബൂ ബക്ർ -رَضِيَ اللَّهُ عَنْهُ- പറഞ്ഞു. ഞാൻ നോമ്പ് കാരനാണ് റസൂലേ...
നബി ﷺ ചോദിച്ചു. നിങ്ങളിൽ ആരാണ് ഇന്ന് ഒരു മയ്യിത്തിനെ അനുഗമിച്ചത്.?
അബൂബക്ർ -رَضِيَ اللَّهُ عَنْهُ- പറഞ്ഞു:- ഞാനുണ്ട് റസൂലേ...

നബി ﷺ ചോദിച്ചു :- നിങ്ങളിൽ ആരാണ് ഇന്ന് ഒരു ദരിദ്രന് അന്നം നൽകിയവനായുള്ളത് ?
അബൂബക്ർ -رَضِيَ اللهُ عَنْهُ- പറഞ്ഞു :- ഞാനുണ്ട് റസൂലെ ..
നബി ﷺ വീണ്ടും ചോദിച്ചു. നിങ്ങളിൽ ആരാണ് ഇന്ന് രോഗിയെ സന്ദർശിച്ചത് ?
അബൂബക്ർ -رَضِيَ اللَّهُ عَنْهُ- പറഞ്ഞു :- ഞാൻ ഇന്ന് രോഗിയെ സന്ദർശിച്ചിട്ടുണ്ട് പ്രവാചകരെ.
അപ്പോൾ നബി ﷺ പറഞ്ഞു :- ഈ നാല് കാര്യങ്ങൾ ഒരുവനിൽ സംഗമിക്കുന്നില്ല
അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടല്ലാതെ.
(സ്വഹീഹു മുസ്ലിം 1026)

ഈ രൂപത്തിൽ നന്മകളിലേക്ക് മുന്നിട്ട് വന്നത് കൊണ്ടും അതിന് അതിയായ ആഗ്രഹം പ്രകടിപ്പിച്ചത് കൊണ്ടും തന്നെ നാളെ പരലോകത്ത് അബൂബക്ർ -رَضِيَ اللَّهُ عَنْهُ- വിനെ പ്രവിശാലമായ, ആകാശ ഭൂമിയോളം വിശാലമായ, സ്വർഗ്ഗപ്പൂങ്കാവനത്തിന്റെ എല്ലാ കവാടങ്ങളിലൂടെയും അതിലേക്ക് ക്ഷണിക്കപ്പെടുന്നതാണ്.

ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസിൽ കാണാം ...

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " مَنْ أَنْفَقَ زَوْجَيْنِ فِي سَبِيلِ اللَّهِ نُودِيَ مِنْ أَبْوَابِ الْجَنَّةِ : يَا عَبْدَ اللَّهِ، هَذَا خَيْرٌ، فَمَنْ كَانَ مِنْ أَهْلِ الصَّلَاةِ دُعِيَ مِنْ بَابِ الصَّلَاةِ، وَمَنْ كَانَ مِنْ أَهْلِ الْجِهَادِ دُعِيَ مِنْ بَابِ الْجِهَادِ، وَمَنْ كَانَ مِنْ أَهْلِ الصِّيَامِ دُعِيَ مِنْ بَابِ الرَّيَّانِ، وَمَنْ كَانَ مِنْ أَهْلِ الصَّدَقَةِ دُعِيَ مِنْ بَابِ الصَّدَقَةِ ". فَقَالَ أَبُو بَكْرٍ رَضِيَ اللَّهُ عَنْهُ : بِأَبِي أَنْتَ وَأُمِّي يَا رَسُولَ اللَّهِ، مَا عَلَى مَنْ دُعِيَ مِنْ تِلْكَ الْأَبْوَابِ مِنْ ضَرُورَةٍ، فَهَلْ يُدْعَى أَحَدٌ مِنْ تِلْكَ الْأَبْوَابِ كُلِّهَا ؟ قَالَ : " نَعَمْ، وَأَرْجُو أَنْ تَكُونَ مِنْهُمْ ".
(رواه البخاري ١٨٩٧)

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- വിൽ നിന്ന് നിവേദനം :- നബി ﷺ പറഞ്ഞു.
:- ആരെങ്കിലും കന്നുകാലികളിൽ നിന്നോ, മറ്റോ ഉള്ള രണ്ട് ഇണകളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ദാനം ചെയ്താൽ നാളെ പരലോകത്ത് അവൻ സ്വർഗ്ഗ കവാടങ്ങളിൽ നിന്ന് വിളിക്കപ്പെടും. എന്നിട്ട് ആ വ്യക്തിയോട്

പറയപ്പെടും അല്ലയോ അല്ലാഹുവിന്റെ അടിമേ.. നീ പ്രവർത്തിച്ചത് വളരെ നല്ല ഒരു നന്മയാണ്.

അപ്പോൾ നിസ്ക്കാരം വർദ്ധിപ്പിച്ച വരെ നിസ്കാരത്തിന്റെ കവാടത്തിൽ നിന്ന് വിളിക്കപ്പെടുന്നതാണ്.
അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്തവരെ ജിഹാദിന്റെ വാതിലിലൂടെയും വിളിക്കപ്പെടുന്നതാണ്. ധാരാളമായി നോമ്പനുഷ്ഠിച്ച വരെ റയ്യാൻ എന്ന കവാടത്തിൽ നിന്നും വിളിക്കപ്പെടുന്നതാണ്. ദാനധർമ്മങ്ങളിൽ സജീവരായാവരാരോ അവരെ സ്വദഖയുടെ കവാടത്തിൽ നിന്നും വിളിക്കപ്പെടുന്നതാണ്.
അപ്പോൾ അബൂ ബക്ര്‍ -رَضِيَ اللَّهُ عَنْهُ- ചോദിച്ചു.
അല്ലാഹുവിന്റെ റസൂലേ ഈ പറയപ്പെട്ട വാതിലുകളിൽ നിന്നെല്ലാം ആരെയെങ്കിലും വിളിക്കപ്പെടുമോ?
നബി ﷺ പറഞ്ഞു :- അതെ വിളിക്ക പെടുന്നതാണ്.
താങ്കൾ അതിൽ ഉൾപ്പെടും എന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു.
(ബുഖാരി 1798)

അത് കൊണ്ട് പ്രിയമുള്ള സഹോദരീ സഹോദരങ്ങളെ ..
അല്ലാഹുവിനെ മുൻനിർത്തി ഞാൻ പറയട്ടെ.
റമദാനിന് ശേഷവും നാം സൽകർമ്മങ്ങളിൽ ഉറച്ച് നിൽക്കുക.
തീർച്ചയായും നമ്മുടെ പ്രവർത്തനങ്ങൾ സ്വീകരിച്ചു എന്നതിനുള്ള സൂചനയിൽ പെട്ടതാണ് നന്മയിൽ നിന്ന് നന്മയിലേക്ക് ചേക്കേറുവാൻ സാധിക്കുക എന്നത്.

നാം നല്ല ജീവിതം പ്രതീക്ഷിക്കുന്നു എങ്കിൽ സൗഭാഗ്യം കാംശിക്കുന്നു എങ്കിൽ മുന്നോട്ട് വരിക..! നന്മയിലേക്ക് വരിക ...!

അല്ലാഹു പറഞ്ഞത് നാം കേട്ടിട്ടില്ലേ ?!

(مَنْ عَمِلَ صَـٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ)

ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും.

[سورة النحل 97]

സൽപ്രവൃത്തികളിൽ മുഴുകുക എന്നത് ഒരു വ്യക്തിയെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതും അവന്റെ പ്രതിഫലത്തെ ഇരട്ടിയാക്കുന്നതുമാണ്.

അല്ലാഹു പറഞ്ഞു :-

(وَمَآ أَمْوَٰلُكُمْ وَلَآ أَوْلَٰدُكُم بِٱلَّتِى تُقَرِّبُكُمْ عِندَنَا زُلْفَىٰٓ إِلَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَأُو۟لَٰٓئِكَ لَهُمْ جَزَآءُ ٱلضِّعْفِ بِمَا عَمِلُوا۟ وَهُمْ فِى ٱلْغُرُفَٰتِ ءَامِنُونَ)

നിങ്ങളുടെ സമ്പത്തുകളും നിങ്ങളുടെ സന്താനങ്ങളുമൊന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യമുണ്ടാക്കിത്തരുന്നവയല്ല. വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്തവർക്കൊഴികെ. അത്തരക്കാർക്ക് തങ്ങൾ പ്രവർത്തിച്ചതിൻറെ ഫലമായി ഇരട്ടി പ്രതിഫലമുണ്ട്. അവർ ഉന്നത സൌധങ്ങളിൽ നിർഭയരായി കഴിയുന്നതുമാണ്.

[سورة سبأ 37]

ഇമാം മാലിക്ക് ബിൻ ദീനാർ -رحمه الله- പറഞ്ഞു :-

"رحم الله من لزم القول الطيب والعمل الصالح والمداومة"

(حلية الأولياء ٢/٣٧٣)

നല്ലവാക്കുകളിലും സൽപ്രവൃത്തികളിലും സ്ഥിരത കൈവരിക്കുന്നവരോട് അല്ലാഹു കരുണ കാണിക്കട്ടെ.

നബി ﷺ പറഞ്ഞത് പോലെ ഒരു വ്യക്തിക്ക് മൂന്ന് തരം കൂട്ടുകാരാണ് ഉണ്ടാവുക.
ആ കൂട്ടുകാർ അവന്ന് നൽകുന്ന ഉപകാരത്തിലും, ചങ്ങാത്തത്തിലും, പങ്കാളിത്ത്വത്തിലും വ്യത്യസ്തത പുലർത്തുന്നവരാണ്.
അതിൽ രണ്ട്തരം ആളുകൾ അവനെ കയ്യൊഴിയുകയും ഒഴിവാക്കുകയും ചെയ്യും എന്നാൽ ഒന്ന് അവനോടൊപ്പം നിലകൊള്ളുകയും അവന്റെ ഖബ്റിൽ വരെ അവന്ന് തണലായി തീരുകയും ചെയ്യും.

നബി ﷺ പറഞ്ഞു :-

" يَتْبَعُ الْمَيِّتَ ثَلَاثَةٌ ؛ فَيَرْجِعُ اثْنَانِ، وَيَبْقَى مَعَهُ وَاحِدٌ : يَتْبَعُهُ أَهْلُهُ وَمَالُهُ وَعَمَلُهُ، فَيَرْجِعُ أَهْلُهُ وَمَالُهُ، وَيَبْقَى عَمَلُهُ ".
(صحيح البخاري ٦٥١٤)

ഒരു മനുഷ്യൻ മരണപ്പെട്ടാൽ ആ മയ്യിത്തിനെ മൂന്ന് കാര്യങ്ങൾ പിന്തുടരുന്നതാണ്.
അതിൽ രണ്ടെണ്ണം തിരിച്ച് മടങ്ങി പോവുകയും ഒന്ന് മാത്രം അവനോടൊപ്പം അവശേഷിക്കുകയും ചെയ്യും.
അവന്റെ പ്രവർത്തനങ്ങളും, സമ്പാദ്യവും അവന്റെ കുടുംബവും അവനെ പിന്തുടരും. അങ്ങിനെ അവന്റെ സമ്പാദ്യവും കുടുബംവും തിരിച്ച് പോവുകയും അവന്റെ പ്രവർത്തനങ്ങൾ അവനോടൊപ്പം അവശേഷിക്കുകയും ചെയ്യും.
(സ്വഹീഹുൽ ബുഖാരി 6514)

റമദാനിന് ശേഷം നാം ശ്രദ്ധിക്കേണ്ട സുന്നത്തായ കാര്യമാണ് ശവ്വാലിലെ ആറ് നോമ്പ് എന്നത് .
നബി ﷺ പറഞ്ഞു :-

مَنْ صَامَ رَمَضَانَ، ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ، كَانَ كَصِيَامِ الدَّهْرِ ".
(صحيح مسلم ١١٦٤)

"ആരെങ്കിലും റമദാനിൽ നോമ്പെടുക്കുകയും പിന്നീട് അതിനെ തുടർന്ന് ശവ്വാലിൽ ആറ് നോമ്പെടുക്കുകയും ചെയ്താൽ അവൻ വർഷം മുഴുവനും നോമ്പെടുത്തതു പോലെയാണ്." (മുസ്‌ലിം:1164)

അവസാനമായി ഓർമിപ്പിക്കട്ടെ.
അല്ലാഹു ഇഷ്ടപ്പെടുന്ന ഒന്നാണ്.
സൽപ്രവർത്തികളിൽ പരസ്പരം സഹകരിക്കുക എന്നതും അതിൽ ഉറച്ച് നിൽക്കുക എന്നതും ..
അത് തന്നെയാണ് നമ്മുടെ മുൻഗാമികളുടെ മാർഗ്ഗവും.
ആ മുൻഗാമികളുടെ ചര്യയിലേക്ക് നാം എത്ര ആവശ്യക്കാരാണ് എന്ന് നാം ആലോചിച്ചിട്ടുണ്ടോ..?!
നാം അവരുടെ ചര്യയെ പകർത്തുകയും അവരുടെ വിശേഷങ്ങളെ സ്വീകരിക്കുകയും ചെയ്യുക.

ബിലാലുബ്നു സഅദ് -رحمه الله-
സലഫുകളെ കുറിച്ച്പറഞ്ഞത് കാണുക:-

"أدركت الناس يتحاثون على الأعمال الصالحة
الصلاة، والصيام، والزكاة، وفعل الخير والأمر بالمعروف والنهي عن المنكر"

(رواه أحمد في الزهد ٢٣٠٩)

ഞാൻ അവരെ നന്മകളിൽ പരസ്പരം പ്രേരണ നൽക്കുന്ന വരായി കണ്ടു.
നിസ്കാരത്തിന്റെയും, നോമ്പിന്റെയും, സകാത്തിന്റെയും കാര്യത്തിൽ,
അത്പോലെ നന്മകൾ പ്രവർത്തിക്കുന്ന കാര്യത്തിൽ
തിന്മകൾ വിലക്കുന്ന കാര്യത്തിലും.
(ഇമാം അഹ്മദ് സുഹ്ദിൽ ഉദ്ദരിച്ചത്)

والحمد لله بنعمته تتم الصالحات